മലയാള മനോരമ 17 June 2023

# ന്യൂട്രാസ്യൂട്ടിക്കൽ ഉൽപന്ന വിപണിയിൽ 30 വർഷത്തിനിടെ 20% വളർച്ച

കൊച്ചി● പ്രകൃതിദത്ത ഭക്ഷ്യപൂരകങ്ങളായ ന്യൂട്രാസ്യൂട്ടിക്കൽ ഉൽപന്നങ്ങളുടെ വിപണിയിൽ കഴിഞ്ഞ 30 വർഷത്തിനിടെ 20% വളർച്ച കൈവരിച്ചതായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടന്ന ശിൽപശാല ചൂണ്ടിക്കാട്ടി.

ആരോഗ്യ അവബോധം കൂടിയതും രോഗപ്രതിരോധ രീതികൾക്കു പ്രാധാന്യമേറിയതും കാരണം 2025 അവസാനത്തോടെ ഈ മേഖലയിൽ വൻ കുതിച്ചുകയറ്റമുണ്ടാകും. ഡയറക്ടർ ഡോ.എ.ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.മറൈൻ ബയോടെക്നോളജി, ഫിഷ് ന്യൂട്രീഷൻ ആൻഡ് ഹെൽത്ത് ഡിവിഷൻ മേധാവി ഡോ .കൃപേഷ് ശർമ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. കാജൽ ചക്രവർത്തി പ്രസംഗിച്ചു.